## ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച്

**സിനഡ് സെക്രട്ടറിയറ്റ്, സെന്റ് തോമസ് കമ്യൂണിറ്റി, തിരുവല്ല, കേരളം, ഇൻഡ്യ**

### ഇടയലേഖനം

July/August 2023

**ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിലെ എല്ലാ ആർച്ചുബിഷപ്പുമാർക്കും, തിരുമേനിമാർക്കും, വൈദീകർ, ശെമ്മാശന്മാർ, സുവിശേഷകർ, സിസ്റ്റേഴ്സ് ഓഫ് കംപാഷൻ എന്നിവർക്കും ലോകമെമ്പാടുമുള്ള എല്ലാ സഭയുടെ വിശ്വസ്തർക്കും**

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും നാമത്തിൽ അനുഗ്രഹങ്ങളും വാഴ്വുകളും.**

കർത്താവിൽ എനിക്ക് വാത്സല്യമുള്ളവരേ,

കർത്താവിന്റെ രൂപാന്തരീകരണപ്പെരുന്നാളിലേക്ക് നാം പ്രവേശിച്ചപ്പോൾ നമ്മുടെ കർത്താവ് രൂപാന്തരം പ്രാപിച്ച് തന്റെ മഹത്വം വെളിപ്പെടുത്തിയത് നാം ആഘോഷിക്കുകയും സ്മരിക്കുകയും ചെയ്യുകയാണ്. ഈ പെരുന്നാൾ നമ്മെ ഓർമ്മപ്പെടുത്തുന്ന സുപ്രധാന കാര്യം നമ്മുടെ പൗരസ്ത്യ സഭാജീവിതത്തിൽ നാം രൂപാന്തരം നേടി കൂടുതൽ കൂടുതൽ ദൈവത്തോട് അനുരൂപപ്പെടണം എന്നാണ് (2 കൊരി.3:18). ഈ ഒരു പ്രക്രിയ "തിയോസിസ്" അല്ലെങ്കിൽ "ദൈവസ്വഭാവത്തിലേക്ക്" ഉയരുക എന്നതാണ് അർത്ഥമാക്കുന്നത്.

ഈ ദൈവീക സ്വഭാവത്തിലേക്ക് എങ്ങനെ എത്തിച്ചേരുവാൻ നമുക്കു കഴിയും?

**1. നമ്മുടെ അളവുകോൽ കർത്താവേശുമ്ശിഹാ ആയിരിക്കണം**

ആദിമ വിശ്വാസികൾ അവരുടെ ജീവിതരീതിയിലൂടെ ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടവരാണ്. ഇഗ്നാത്തിയോസ് എന്ന വിശുദ്ധനായ സഭാപിതാവും സഭയുടെ തിരുമേനിയുമായിരുന്ന വ്യക്തി "ദൈവത്തെ വഹിക്കുന്നവൻ" എന്ന അർത്ഥത്തിൽ God-bearer എന്നാണ് അറിയപ്പെട്ടിരുന്നത്. ഇന്ന് നമ്മുടെ ചുറ്റുപാടുമുള്ളവർ നമ്മെ സൂക്ഷ്മമായി നിരീക്ഷിക്കുമ്പോൾ നമ്മെ അവർ എന്താണ് വിളിക്കുന്നത്? പരദൂഷണം പറയുന്നവൻ, ദേഷ്യപ്പെടുന്നവൻ, ധനമോഹി, സ്നേഹമില്ലാത്തവൻ, എതിർക്കുന്നവൻ എന്നിങ്ങനെയാണോ നിങ്ങളെ വിളിക്കുന്നത്. അതോ യഥാർത്ഥത്തിൽ ക്രിസ്ത്യാനികൾ ആകുവാനുള്ള യോഗ്യത നമുക്കുണ്ടോ?

ക്രിസ്തുവിന്റെ മനോഭാവത്തിലും സ്വഭാവത്തിലും ജീവിക്കുന്നതിന് ധാരാളം ഒഴിവുകഴിവുകൾ നമുക്കു പറയുവാൻ സാധിക്കും. എന്നിരുന്നാലും നമ്മുടെ മാതൃക എപ്പോഴും യേശു കർത്താവാണ്.

കർത്താവായ യേശുവേ, ഞാൻ അങ്ങയെപ്പോലെ ആകുവാൻ ആഗ്രഹിക്കുന്നു. അതിലൂടെ അങ്ങയുടെ നാമം എന്നിലൂടെ മഹത്വപ്പെടുത്തുവാൻ എനിക്കു സാധിക്കും എന്നതായിരിക്കണം നമ്മുടെ ആഗ്രഹം. നമ്മുടെ സംസ്കാരങ്ങളോ, കുടുംബപശ്ചാത്തലമോ, മുൻകാല പരാജയങ്ങളോ, മറ്റുള്ളവരുടെ അനുഭവങ്ങളോ ഒന്നും നാം ഉപയോഗിക്കരുത്. നാം പരാജയപ്പെടുമ്പോഴെല്ലാം "കർത്താവായ യേശുവേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ" എന്നു നാം പ്രാർത്ഥിക്കണം.

**2. മറ്റുള്ളവർ എന്തുതന്നെ അനുവർത്തിച്ചാലും നാം വിശുദ്ധഗ്രന്ഥം അനുസരിക്കണം**

യേശു പറഞ്ഞു: "നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എന്റെ കല്പനകൾ അനുസരിക്കണം" (വി.യോഹ.14:15). നാം ദൈവവചനം അനുസരിക്കുന്നതിലൂടെ നാം ദൈവത്തെ സ്നേഹിക്കുന്ന

വരാണ് എന്ന് കാണിക്കണം. മറ്റുള്ളവർ ഏഷണി പറഞ്ഞാലും നാം അതിൽ പങ്കു ചേരരുത്. നേതൃത്വത്തോട് വിധേയത്വമില്ലാതെ വിമർശകരായി നിൽക്കുന്നവരോടൊപ്പം നാം ചേരരുത്. കാരണം ദൈവവചന അടിസ്ഥാനത്തിൽ നാം ദൈവഹിതം നിറവേറ്റുവാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ്.

**3. തെറ്റായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കുക**

ഇപ്രകാരം വ്ളാഡിമർ ലെനിന്റെ ഒരു ഉദ്ധരണിയുണ്ട്, "നിങ്ങളുടെ സുഹൃത്തുക്കൾ ആരെന്ന് പറഞ്ഞാൽ നിങ്ങൾ ആരാണ് എന്ന് ഞാൻ പറഞ്ഞു തരാം." ഈ ഉദ്ധരണിക്ക് നമ്മുടെ സുഹൃത്ത് വലയവുമായി ബന്ധമില്ലെന്ന് നമുക്ക് തോന്നിയേക്കാം. ആ തോന്നൽ ശത്രുവിന്റെ വലിയ ചതിയാണ്. നിഷേധാത്മക സ്വഭാവം, വിമർശന മനോഭാവം എന്നീ സ്വഭാവക്കാരോടൊപ്പം നാം കൂട്ടുചേർന്നാൽ നമ്മിൽ ക്രമേണ അവർ വിഷം നിറയ്ക്കും.

"സഹോദരന്മാരേ, ഞങ്ങളോട് പ്രാപിച്ച പ്രമാണം (പാരമ്പര്യം) വിട്ട് ക്രമം കെട്ട് നടക്കുന്ന ഏതു സഹോദരനോടും അകന്നുകൊള്ളേണം" (1 തെസ്സ.3:6) എന്ന് പൗലൊസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്. അതോടൊപ്പം 1 കൊരിന്ത്യർ 15:33-ൽ പറയുന്നു "ദുർഭാഷണത്താൽ സദാചാരം കെട്ടുപോകുന്നു."

എന്റെ വാത്സല്യമുള്ള മക്കളെ, നാം രൂപാന്തരീകരണ ഞായർ/മറുരൂപ പെരുന്നാൾ ആഘോഷിച്ചുവെങ്കിലും നാം ഓർക്കേണ്ട പ്രധാന കാര്യം 1 പത്രൊസ് 2:4-ൽ വി.പത്രൊസ് ശ്ലീഹാ പറയുന്നത്, "നാം ക്രിസ്തുവിന്റെ ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായി തീരുവാൻ ഇടവരണം" എന്നാണ്.

മണിപ്പൂരിനുവേണ്ടി തുടർന്നും നമുക്ക് പ്രാർത്ഥിക്കണം. നമ്മുടെ സഹോദരങ്ങൾ വളരെ ബുദ്ധിമുട്ടുള്ള ഘട്ടത്തിലൂടെ കടന്നുപോകുന്നുവെങ്കിലും അവർക്ക് സമാധാനവും ധൈര്യവും ദൈവം നൽകേണ്ടതിനായി പ്രാർത്ഥിക്കാം. അതോടൊപ്പം പുതിയതായി വന്ന സെമിനാരി വിദ്യാർത്ഥികളും കംപാഷൻ സിസ്റ്റേഴ്സും വളരെ നല്ല രീതിയിൽ പരിശീലനം ലഭിച്ച് കർത്താവിനെ സേവിക്കേണ്ടതിനായും നാം പ്രാർത്ഥിക്കണം.

ഉയിർക്കപ്പെട്ടവനായ നമ്മുടെ കർത്താവ് യേശുമ്ശിഹായുടെ കരുണയും കൃപയും നിങ്ങളോടെല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ!

പരിശുദ്ധ സഭയിൽനിന്നും,

ക്രിസ്തുവിൽ നിങ്ങളുടെ പിതാവ്



✠ **മോറാൻ മോർ അത്തനേഷ്യസ് യോഹാൻ പ്രഥമൻ മെത്രാപ്പൊലീത്ത**